
# സാഗരം



## സി എച്ച് എം കെ എസ് ജി എച്ച് എസ് മാട്ടൂൽ

## ഡിജിറ്റൽ മാഗസിൻ 2018-19

## ആമുഖം



കലയും ശാസ്ത്രവും കൈകോർത്ത് നിൽക്കുന്ന

അസുലഭനിമിഷങ്ങൾ, പഠനവഴികളിൽ മനസ്സിന്റെ ഉള്ളറകളിൽ

സൂക്ഷിച്ച മുത്തുച്ചിപ്പികൾ, പവിഴപ്പുറ്റുകൾ.......ചേർത്തുവെച്ചൊരു

ഡിജിറ്റൽ മാഗസിൻ.......'സാഗരം'

കണ്ടതിന്റെയും കേട്ടതിന്റെയും പൊരുളുകളറിയാൽ,

ആഴങ്ങളിലേക്ക് ഊളിയിട്ടിറങ്ങാൻ 'സാഗര'ത്തിന്റെ


അനന്തവിസ്മയങ്ങൾക്ക് കഴിയുമെന്ന ഉറപ്പോടെ നിങ്ങൾക്ക്

മുന്നിൽ സമർപ്പിക്കട്ടെ.

**ഉള്ളടക്കം**

ആമുഖം.......................................................................................................................2
THE NAUGHTY BABY.......................................................................................5
നവംബർ ഒന്ന്.............................................................................................................6
മരണ മണി.................................................................................................................7
കൊഴിഞ്ഞ ഇല............................................................................................................8
മാണിക്കച്ചെമ്പഴുക്ക.......................................................................................................9
അടൂർ ഗോപാലകൃഷ്ണൻ...............................................................................................11
ENGLISH QUOTES..........................................................................................12
മൊബൈൽ ഫോൺ എന്ന കെണി..................................................................................13
Quotes -A.P.J ABDUL KALAM..........................................................................14
..: يا ويل فيضان نزول هائلا Sameera Teacher..........................................................15
ഇടവഴികൾ ജയശ്രീ.കെ..................................................................................................16
പ്രകൃതി ഭംഗി.............................................................................................................17
രാത്രി.........................................................................................................................18
കേരളം എങ്ങോട്ട്?.....................................................................................................19
കേരളപ്പിറവി..............................................................................................................20
മലയാള സിനിമ..........................................................................................................21
ആദ്യമലായാള സിനിമ................................................................................................21
ആദ്യ മലയാള ശബ്ദസിനിമ.......................................................................................21
മാവേലി നാട്ടു വാണീടും കാലം....................................................................................22
നാടൻ പാട്ടുകൾ..........................................................................................................23
ഓട്ടൻ തുള്ളൽ.............................................................................................................24
കേരളീയ കലകൾ.......................................................................................................25
ചരിത്ര ക്വിസ്.............................................................................................................26
യാഥാർത്ഥ്യങ്ങൾക്കപ്പുറം.................................................................................................27
DIGITAL PAINTING...........................................................................................33
DIGITAL PAINTING...........................................................................................34
DIGITAL PAINTING...........................................................................................35


ലിറ്റിൽ കൈറ്റ്സ് ക്ലബ്ബംഗങ്ങളുടെ പ്രവർത്തനമായ
സാഗരം ഡിജിറ്റൽ മാഗസിന് എല്ലാവിധ
ആശംസകളും നേരുന്നു
ഹെഡ്മാസ്റ്റർ
C.H.M.K.S.G.H.S.S
MATTOOL



# THE NAUGHTY BABY

A ext to neighbour
she had a baby 10 months old
she had a sweet smile
when i have sweets smile
but it is sound were loud and bold
one day the baby was missing
he looked her house at all the place
but there was no baby
then he looked under the table
there was crying a baby
her mama hugged her
her pappa kissed her
then give her naughty smile





# നവംബർ ഒന്ന്

## മലയാളദിനം

### പ്രതിജ്ഞ

മലയാളമാണ് എന്റെ ഭാഷ
എന്റെ ഭാഷ എന്റെ വീടാണ്
എന്റെ അവകാശമാണ്
ഞാൻ കാണുന്ന നക്ഷത്രമാണ്
എന്നെ തഴുകുന്ന കാറ്റാണ്
എന്റെ ദാഹം ശമിപ്പിക്കുന്ന
കുളിർവെള്ളമാണ്.എന്റെ
അമ്മയുടെ തലോടലും
ശാസനയുമാണ്.
ഏതു നാട്ടിലെത്തിയാലും
ഞാൻ സ്വപ്നം കാണുന്നത്
എന്റെ ഭാഷയിലാണ്.
എന്റെ ഭാഷ
ഞാൻ തന്നെയാണ്.



# മരണ മണി

നിലയ്ക്കാത്ത ഘടികാരത്തിൻ
കിതയ്ക്കാത്ത സൂചികൾ
ഒരുപാടുണ്ട് പറയാൻ നിൻ
മരിക്കാത്ത ഓർമകളെ
നീ മൃതിയടഞ്ഞുവെങ്കിലും
യാത്ര മുടക്കില്ലയാ സൂചിമുനകൾ
തേടിക്കൊണ്ടിരിക്കയല്ലവർ നിൻ
ജിവിത സത്യങ്ങളെ
നയനം കൊണ്ടറിഞ്ഞവർക്കെന്ത്
തേടിക്കൊണ്ടിരിക്കാൻ മാത്രം
നിൻജിവിതയാത്രയിൽ ചേർന്നവർക്കെന്ത്
മനസ്സിലാക്കിത്തീർക്കുവാൻ
പല സത്യങ്ങളും പുലമ്പുന്നയീ
മുനകൾക്കെന്ത് ജീവിത രഹസ്യം
കിതയ്ക്കാതെ പായുമ്പോഴും
അവർ മൊഴിയുന്നതിത്ര മാത്രം
എന്റെ ഈ ഓട്ടം നിന്റെ ആയുസ്സത്രയും
കുറയ്ക്കുന്നവല്ലോ മർത്യാ.....



# കൊഴിഞ്ഞ ഇല

ബസ്സിൻ വാതിൽപ്പടിയിൽ തൂങ്ങി
മഴയിൽ കുതിർന്നലിഞ്ഞ്
വെള്ളം ഉറ്റിവീണയാ വരാന്തതൻ
വീഥിയിലൂടെ ഞാനാ വാതിൽക്കൽ
പകച്ചു നിന്നപ്പോഴും
ആ നേരം മുഴുവൻ
അവരെ ഉറ്റി നോക്കി നിന്നപ്പോഴും
 തുശി പോൽ മിന്നിവീണത്തീരാൻ
മുതിരുമാ തുള്ളിയെ മെല്ലെയെൻ
കരങ്ങളിൽ കോർത്തിണക്കിയപ്പോഴും
അതവൾ തന്ന മൃദുലമാം
വദനത്തിന്മേൽ തുള്ളിചിതറിയപ്പോഴും
പലർക്കുമേൽ ചാടി വീണും പലപ്പോഴും
ചിലരിൽ ഒടിഞ്ഞുതുങ്ങിയപ്പോഴും
നിനച്ചിരിക്കാതെ വന്ന
'ഈവനിംഗിനെ' കടിച്ചമർത്തിയപ്പോഴും
അറിഞ്ഞിരിന്നില്ല ഞാനാ
കൊഴിഞ്ഞകന്ന ഇലയെ



# മാണിക്കച്ചെമ്പഴുക്ക

അക്കുത്തിലിക്കുത്തിലേ
മാണിക്കച്ചെമ്പഴുക്ക
തൊട്ടതറിയാതേം
മാണിക്കച്ചെമ്പഴുക്ക
ഓടുണ്ടോടുന്നുണ്ടേ
മാണിക്കച്ചെമ്പഴുക്ക
എന്റെയിടം കൈയിലോ
മാണിക്കച്ചെമ്പഴുക്ക
എന്റെ  വലം കൈയിലോ
മാണിക്കച്ചെമ്പഴുക്ക
ഒന്നു വലത്തു വെച്ചേ
മാണിക്കച്ചെമ്പഴുക്ക

## മഴ ച്ചൊല്ലുകൾ

. മഴയില്ലേൽ പുഴയുമില്ല

. മഴയില്ലെങ്കിൽ വഴി പെരുവഴി

. മഴക്കൊമ്പ് പുഴക്കൊമ്പ്

. മഴയ്ക്കുഴക് കുറവ് മഴതരുമഴകിന്റെ നിറവ്

. മഴ പൊഴിഞ്ഞില്ലേൽ പുഴ കീഴോട്ട്.

. മേലാറു കനിഞ്ഞാലേ കീഴാറു കവിയൂ.

. ആയിരം വേനലിന് അരമഴ.

. ഇടവപ്പാതി കഴിഞ്ഞാൽ ഇടവഴീലും വെള്ളം.

. ഇടവത്തിൽ പാതി വർഷം.

. അശ്വതീൽ ചന്നംചന്നം ഭരണീൽ പിന്നംപിന്നം.

. കാർത്തിക കഴിഞ്ഞാൽ കുട വേണ്ട.

. കാർത്തിക വിളക്കു കണ്ടാൽ മഴ കിഴക്ക്.

. കാലത്തു വന്ന മഴയും അന്തിക്കു വന്ന വിരുന്നും.

. കാലവർഷം കണ്ട് ഓടിയോനും തുലാവർഷം കണ്ട് നിന്നോനും വെറുതെ.

# അടൂർ ഗോപാലകൃഷ്ണൻ

1941 ൽ അടൂരിൽ ജനനം. പതിനൊന്ന് കഥാചിത്രങ്ങളും മുപ്പതിലേറെ ഹ്രസ്വ ചിത്രങ്ങളും സംവിധാനം ചെയ്തു. നിരവധി ദേശിയ-അന്തർദേശിയ ബഹുമതികൾ ലഭിച്ചു.

സ്വയംവരം,മതിലുകൾ,കൊടിയേറ്റം,എലിപ്പത്തായം,മുഖാമുഖം,അനന്ത-രം,വിധേയൻ,നിഴൽ കുത്ത് എന്നിവ പ്രധാന ചിത്രങ്ങൾ. മികച്ച സിനിമയ്ക്കുള്ള അന്തർദേശീയ അവാർഡ് ആറുതവണ ലഭിച്ചു. പത്മശ്രീ, പത്മവിഭൂഷൺ,ഫാൽക്കെ പുരസ്കാരങ്ങൾ ലഭിച്ചു. സിനിമയുടെ ലോകം, സിനിമാനുഭവം,സിനിമാസാഹിത്യം,ജീവിതം സിനിമ സംസ്കാരം എന്നീ ഗ്രന്ഥങ്ങൾ രചിച്ചു.



# ENGLISH QUOTES

1. "When you cannot find sunshine,then be the sunshine"

2. "Beauty is a sword,smile is its power"


-Afrina Babu Khan
9C

# മൊബൈൽ ഫോൺ എന്ന കെണി

ആധുനിക കാലത്ത് മനുഷ്യരാശിയെ മുഴുവൻ വലയത്തിലാക്കിയ ഒരുപകരണമാണ് മൊബൈൽ ഫോൺ.അത്ചെറിയ കുട്ടികൾ മുതൽ വയസ്സായവരുടെയടക്കമുള്ള ആൾക്കാരുടെ ഹൃദയത്തിൽ ഒരിടം കണ്ടെത്തിയിരിക്കുന്ന എന്നതാണ് സത്യം. ഇത് കുട്ടികളിൽ ചെലുത്തിയ സ്വാധീനം ചെറുതല്ല. ഭക്ഷണം കിട്ടിയില്ലെങ്കിലും മൊബൈൽ ഉണ്ടായാൽ മതി എന്ന് നമ്മൾ തമാശക്ക് പറയും പക്ഷെ ഇതു വരാനിരിക്കുന്ന ഒരു വലിയ വിപത്തിന്റെ അടയാളമാണെന്ന് നമ്മൾ മനസ്സിലാക്കാൻ ശ്രമിക്കുന്നില്ല എന്നത് വേദനാജനകമായ ഒരു ദു:ഖമാണ്.

മൊബൈൽ ഫോണിന്റെ സ്വാധീനം കുട്ടികളെ വല്ലാതെ ബാധിച്ചിരിക്കുന്നു. പണ്ട് കാലങ്ങളിൽ കുട്ടികൾ കളിക്കാൻ പോയിക്കഴിഞ്ഞാൽ പിന്നെ സന്ധ്യസമയങ്ങളിൽ മാത്രമേ നമുക്ക് അവരെ കാണാൻ സാധിക്കുകയുള്ളൂ. അവർക്ക് നാട്ടുകാരെയും നാടിനെയും മണ്ണിനെയും പുഴകളെയും മരങ്ങളെയും എല്ലാത്തിനെയും അവർക്കറിയാമായിരുന്നു. പക്ഷെ ഇന്നത്തെ കുട്ടികൾ മൊബൈലും പിടിച്ച് വീട്ടിലിരിക്കുക എന്നതല്ലാതെ വേറെയൊന്നും ചെയ്യുന്നില്ല. അതിനാൽ തന്നെ അവർക്ക് പ്രകൃതിയെയും മണ്ണിനെയും എന്തിനധികം അവരുടെ അയൽവാസികളെ പോലുമറിയുന്നില്ല.

## Quotes -A.P.J ABDUL KALAM




1. Our best teacher is Our last mistake

2. Never stop fighting until you arrive at your destined place - that is, the unique you. Have an aim in life, continuously acquire knowledge, work hard, and have perseverance to realise the great life.

3. Look at the sky. We are not alone. The whole universe is friendly to us and conspires only to give the best to those who dream and work.

4. Ultimately, education in its real sense is the pursuit of truth. It is an endless journey through knowledge and enlightenment.

5.Teaching is a very noble profession that shapes the character, caliber, and future of an individual. If the people remember me as a good teacher, that will be the biggest honour for me.



**Sameera Teacher**

## يا ويل فيضان نزول هائلا ..:

لمحا لدهش الكون ملا حائلا

صارت بارض مطمؤن قاحلا
نهر وبحر سابقابالمهملا

سد وسيل انذروا بتفكك
واها بحل اسمرت سواحلا

قذر الشوارع والمناطق مقبلا
ورياحها يجري السواحل مطرزا

فيضان كيرلا سجلت تاريخنا
فخرا وجلا ذاع شهرتها الاوان

فقد التواصل والطرائق مجملا
ومليئ سد فتكو و مواشيا

لاغاثةشعب وامم عاجلا
عند الوباء والبلاء مبجلا

هم شيحوا بنمو حزم كيرلا
مع الفة الاديان شخصا امثلا

نعم الشباب والعداء مطرفا
شحوا بحبل الود مع يا كيرلا

وولاية تتعرضوا لمقتل
لا ننسي مدد العون من اخواننا

مطر غزير طال في امصارنا
عجبا لخلق الله فصلا منقذا

يا كيرلام انت العلا لاجانب
عند المراقب والمجاوب مرضيا

رفعوا بايد ذي المروؤة مخيرا
حتي الغلاة و الولاة مجمعا

نبذ المعاشى نبذةا معطلا
لحماية الاوطان وصفا كاملا

وقلوبناشطرا ورسخا بالفضول
بتحية مع مخضع بتوسل

بقلم سميرة توقيقة، كنور
فيضان كيرلا في بحر الكامل

# ഇടവഴികൾ

ജയശ്രീ.കെ

സൂക്ഷിച്ചു പോകുക !
കുഞ്ഞേ,നിനക്കായി
ചൂട്ടുകത്തിക്കുവനാളില്ല,മുന്നിൽ.

ചൂളം വിളികൾ നുരയ്ക്കുന്ന  നാവുകളിൽ
നേർവഴി ചൂണ്ടുവാനാളില്ല,പിന്നിൽ.
കത്തും കരൾക്കാടു  തൊട്ടൊന്നണയ്ക്കുവാൻ
അലിവുള്ളൊരമ്മയുടെ മഴയില്ല കണ്ണിൽ.

അതുനിന്റെ ബാല്യം ചിറകാർന്നൊരുട്ടുവഴി
അതുനിന്റെ ഓണക്കിനാവിന്റെ പൂവിളി.
പുസ്തകത്താളിൽ മയിൽപീലി പെറ്റവഴി
അപ്പൂപ്പൻതാടികൾ ചിത്രം വരച്ചവഴി.
കൊന്നകൾ പൂത്തവഴി,
ചില്ലമേലണ്ണാരക്കണ്ണന്റെ  തായ് വഴി.
ഇടവം പിറന്നു,മഴ മുറിയാതെ
കുടചൂടി  ഇനിയുംമറക്കാത്ത
നിറമുള്ള ചാലുവഴി.
മഞ്ചാടി മണികൾ മയങ്ങുന്ന തണൽവഴി
വെള്ളാരങ്കല്ലിൽ വെൺനിലാപുഞ്ചിരി.
സൂക്ഷിച്ചു പോകുക !
കുഞ്ഞേ,നിനക്കായി
ചൂട്ടുകത്തിക്കാനാളില്ല മുന്നിൽ.
ഇതുനിന്റെ യൗവനം തളിരിട്ടോരോർമ വഴി
ഇതുനിന്റെ സൗഹൃദം മിഴിപൂട്ടി നിന്ന വഴി
മദിരവും മായവും വില്പനയ്ക്കുള്ള വഴി
കഞ്ചാവുകത്തി കറൻസികൾവരും വഴി
പെൺകിടാങ്ങൾക്കിന്നു പെരുമ നൽകാം വഴി
നെഞ്ചകം പൊട്ടിയൊരമ്മയുടെ വിലാപ വഴി
കയ്യൂക്കും കഠാരയും കാത്തുനിൽക്കുന്ന വഴി
വില്ലാളികൾ വീറുകാട്ടുന്നു പകവഴി
സുക്ഷിച്ചു പോകുക !
കുഞ്ഞേ, നിനക്കായി
ചൂട്ടികത്തിക്കാനാളില്ല മുന്നിൽ



# പ്രകൃതി ഭംഗി

മഴവില്ലിൻ അഴക് വിരിക്കുന്ന പ്രകൃതി
സുന്ദരപ്പച്ചപ്പ് മൂടിയൊരുങ്ങി പ്രകൃതി
ഇളം തെന്നലിലാടി രസിക്കുന്ന ഇലകൾ
പുഴയിൽ നീന്തിത്തുടിക്കുന്ന പരൽമീൻ
നീലക്കുളിർ തഴുകിയുണർത്തുന്ന വാനം
വെള്ളിവെളിച്ചം തൂകുന്ന സൂര്യൻ
കണ്ണിൽ കുളിർ നൽകി നിൽക്കും പ്രകൃതി
നോവെല്ലാം മാറ്റും പ്രകൃതിതൻ സൗന്ദര്യം

FATHIMA KV
IX E

# രാത്രി

കൊന്നപ്പൂ പോലെയുള്ള സൂര്യന്റെ വെളിച്ചത്തിൽ നിന്നും ഇരുട്ടിന്റെ മയക്കത്തിൽ തലചായ്ച്ച് ഉറങ്ങുന്ന പ്രകൃതി. ഇരുട്ടുള്ള രാത്രിയിൽ പൊൻവിളക്കുമായ് പുഞ്ചിരി തൂകി നിൽക്കുന്ന ചന്ദ്രൻ. ചുറ്റും കണ്ണ് ഇറുക്കിക്കളിക്കുന്ന കുഞ്ഞു നക്ഷത്രങ്ങൾ. നിശബ്ദതയിൽ ഉറങ്ങുന്ന പ്രകൃതിയെ താരാട്ട് പാടുന്ന ചീവീടുകൾ. പുഴക്കളുടെ കള....കളം എവിടെ നിന്നോ മുഴങ്ങിക്കൊണ്ടിരിക്കുന്നു. പ്രകൃതിക്ക് കുളിർമ നൽകാനെത്തുന്ന ഇളം തെന്നൽ. അവയിൽ നൃത്തം ചെയ്യാനെത്തുന്ന തെങ്ങോലകൾ. സുഗന്ധം പരത്തുന്ന പ്ഷ്പങ്ങൾ. വെളിച്ചത്തിലെ ശ്വാസം മുട്ടിക്കുന്ന തിരക്കിൽ നിന്നും ശാന്തമായി ഉറക്കത്തിലേക്ക് കൊണ്ടു വരുന്ന രാത്രി. കുഞ്ഞു റാന്തൽ കൊണ്ട് അലങ്കരിക്കുന്ന മിന്നാമിനുങ്ങുകൾ. പകലിന്റെ പൊരിവെയിലിൽ നിന്നും പ്രകൃതിയെ രക്ഷിച്ച് സുഖമായി ഉറങ്ങുന്ന രാത്രി ആ രാത്രിയിലെ വിസ്മയക്കാഴ്ച നമ്മെയും മെല്ലെ ഉറക്കിക്കൊണ്ടിരിക്കുകയാണ്. ഉറക്കത്തിലേക്കുള്ള രാത്രി നമുക്കെന്നും വിസ്മയക്കാഴ്ചയാണ്.

-അസ്ലഹ ടി.വി

VII-D

# കേരളം എങ്ങോട്ട്?

അറുപത്തിരണ്ടാം കേരളപ്പിറവി ദിനാഘോഷവേളയിൽ കേരളം എവിടെ എത്തി നിൽക്കുന്നു എന്ന് പരിശോധിക്കാം.ആദ്യമായി ജാതീയതയെ ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന് എന്ന് പ്രഖ്യാപിച്ചുകൊണ്ട് ശ്രീനാരായണ ഗുരു ആരംഭിച്ച ജാതിവത്യാസ നിർമ്മാർജ്ജനം ഓരോ ജാതികൾ സംഘടിച്ച് ശക്തരാകുന്നതിൽ എത്തിനിൽക്കുന്നു.

പിന്നെ രാഷ്ട്രീയം,കേരളീയന്റെ രാഷ്ട്രീയ പ്രബുദ്ധത എന്ന ലോകം ഘോഷിച്ച പ്രബുദ്ധത ഇന്ന് ഓരോ ജാതിയെയും എങ്ങനെ തന്ത്രപൂർവ്വം പ്രയോജനം പെടുത്താമെന്ന് ഓരോ രാഷ്ട്രീയ പാർട്ടികളും പടിച്ച് കഴിഞ്ഞു. അഴിമതിരഹിത രാഷ്ട്രീയം എവിടെയോ പോയി മറഞ്ഞു. രാഷ്ട്രീയത്തിൽ മാതൃകയാകുന്ന വ്യക്തിത്വങ്ങൾ കുറഞ്ഞു വരുന്നു. തൊഴിലില്ലായ്മ പെരുകി. ഇവിടെ വല്ല വ്യവസായവും തുടങ്ങണമെന്നു വെച്ചാൽ അതു നടക്കുമോ? അതിന് ആർക്കും ധൈര്യമില്ല വ്യവസായ സൗഹൃദ സംസ്ഥമെന്ന് വെറുതെ പറയാം.ആരെങ്കിലും എന്തെങ്കിലും തുടങ്ങിയാൽ നിക്ഷേപം നടത്തിയ ആൾ പുറത്തും തൊഴിലാളികൾ അകത്തുമായിരിക്കും.രാഷ്ട്രീയപാർട്ടികളുടെ പിൻബലമുള്ള തൊഴിലാളിസംഘടനകൾ അങ്ങനെയാകും.

ഇനി ശുചിത്വത്തിന്റെ കാര്യമെടുത്താലോ? പൊതു സ്ഥലങ്ങൾ മലിനമാക്കുന്നതിൽ വിദഗ്ധരാണ് നാം വ്യക്തി ശുചിത്വത്തിൽ മലയാളി ഒന്നാമത്.സമൂഹമെന്ന നിലയ്ക്ക് അതില്ല. വഴിയോരങ്ങളിലും അടുത്ത വീടുകളിലും മാലിന്യം തള്ളാൻ മലയാളികൾ കേമന്മാരാണ്. ഇങ്ങനെയെല്ലാം സംസ്കാരിക മൂല്യച്യുതിയുള്ള കേരളിയന് യാതൊരു മൂല്യവുമില്ലേയെന്ന് ചോതിച്ചാൽ ഒരുമ അല്ലെങ്കിൽ ഐക്യത്തിന്റെ ഉത്തമ മാതൃക പ്രളയ കാലത്ത് നാം കണ്ടു.

മോഷണം,കുറ്റകൃത്യങ്ങൾ എന്നിവയിലും മറ്റ് സംസ്ഥാനങ്ങളുമായ് താരതമ്യം ചെയ്യുമ്പോൾ മലയാളികൾ കുറവാണ്. വരും തലമുറയുടെ അടിസ്ഥാനതൊഴിലായി ഐ.ടി മേഘലയിലെ മുന്നേറ്റം ആശാവഹമാണ്. വിനോദ സഞ്ചാര മേഘലയിലും കേരളീയർക്ക് മുന്നേറാവുന്നതാണ്. നല്ലൊരു ഭാവി മുന്നിൽ കണ്ട്കൊണ്ട് ഉപസംഹരിക്കുന്നു.

-സന്താനവല്ലി കെ.വി



# കേരളപ്പിറവി


ഭാരതമെന്നകേട്ടാൽ അഭിമാനപൂരിതമാകണം അന്തരംഗം

കേരളമെന്ന കേട്ടാൽ തിളക്കണം ചോര നമുക്ക് ഞെരമ്പുകളിൽ.

കവി പാടിയത് പുസ്തകത്താളുകളിൽ ഉറങ്ങുകയാണ്. കേരളപ്പിറവിയും മലയാളപ്പിറവിയും ഓർമിപ്പിച്ചത് നവംബർ 1 കടന്നെത്തുമ്പോൾ ഈ ഒരു നാളിലെങ്കിലും മലയാളിയാവാൻ ശ്രമിക്കുകയാണ് കേരളം. കേരനിരകളാടുന്ന ഹരിത ചാരുതീരം. പാട്ടിലെ വരിയിൽ ഒതുങ്ങി. കുന്നായ കുന്നൊക്കെ ഇടിച്ച നിരത്തുകയും പാടങ്ങളായ പാടങ്ങളൊക്കെ മണ്ണിട്ട നികത്തുകയും ചെയ്യുമ്പോൾ ഈ കാഴ്ചകൾക്കുമുമ്പിൽ നിയമത്തിന്റെ നാവ് അപര്യാപ്തമാക്കുമ്പോൾ കേരളത്തിന്റെ മാറുകയാണ്. കർക്കിടകപ്പെരുമഴയും തുലാവർഷവും ശോഷിച്ചപ്പോൾ കുറ്റിക്കാടുകൾക്കിടയിൽ നിളതാരുപോലെയായി. വരും നാളുകളിൽ വൈദ്യുതി ക്ഷാമത്തിനപ്പുറം കുടിവെള്ളത്തിനും കാത്തിരിക്കേണ്ട വരണ്ട ചിത്രവും നമുക്കു മുന്നിലുണ്ട്. അയൽ സംസ്ഥാനങ്ങളിൽ ഭാഷാസ്നേഹം അതിരുകടക്കുമ്പോൾ മാതൃഭാഷയുടെ അതിരുകൾ ചുരുക്കി മലയാളി ഊറ്റം കൊള്ളുകയാണ്. കേരളത്തനിമയുള്ള ചിത്രങ്ങളും നെഞ്ചിൽ തട്ടുന്ന വാചകങ്ങളുമായി ഇപ്പോൾ ഫെയ്സ് ബുക്കിലും വാട്ട്സപ്പിലുമാണ് കേരളപ്പിറവി ആഘോഷം കെങ്കേമമായി നടക്കുന്നത്. കാര്യങ്ങൾ അത്ര സുന്ദരമെല്ലെങ്കിലും എന്റെ കേരളെ എത്ര സുന്ദരം എന്ന പറയുന്നത് ഇപ്പോൾ പ്രവാസികളാണ്. പ്രതീക്ഷയുടെയും പച്ചപ്പിന്റെയും ഈ സ്നേഹത്തിരുത്തിൽ നമുക്ക് വേഷവിധാനങ്ങൾ കൊണ്ടുമാത്രമല്ല മനസ്സുകൊണ്ടും പങ്കിടാം

കേരളപ്പിറവി ആശംസകൾ

-സന്താനവല്ലി കെ.വി




# മലയാള സിനിമ

കേരളത്തെക്കാൾ പ്രായമുണ്ട് മലയാള സിനിമയ്ക്ക്. കേരളപ്പിറവിക്ക് എത്രയോ മുൻപുതന്നെ സിനിമ മലയാളികളെ ഒന്നിപ്പിച്ചു. ആദ്യമലയാള സിനിമ എന്ന് വിശേഷിപ്പിക്കുന്ന വിഗതകുമാരൻ 1928 ലാണ് പുറത്തിറത്തിറങ്ങുന്നത്. ശബ്ദസിനിമ അല്ലാതിരുന്നിട്ടുകൂടി അത് മലയാളസിനിമയായ് മാറി. കേരളം പിറവിയെടുത്ത ശേഷം മലയാളസിനിമ കേരളത്തിനൊപ്പം വളർന്നു. മലയാള സിനിമയുടെ 'ആദ്യ' ങ്ങളിലൂടെ......

**ആദ്യമലായാള സിനിമ**

വിഗതകുമാരൻ

സംവിധാനം

ജെ.സി. ഡാനിയേൽ

(1928)

**ആദ്യ മലയാള ശബ്ദസിനിമ**

ബാലൻ

സംവിധാനം

എസ്.നൊട്ടാണി (1938)



# മാവേലി നാട്ടു വാണീടും കാലം

മാവേലി നാട്ടു വാണീടും കാലം

മാനുഷരെല്ലാരുമൊന്നു പോലെ

ആമോദത്തോടെ വസിക്കും കാലം

ആപത്തങ്ങാർക്കുമൊട്ടില്ല താനും

കള്ളവുമില്ല, ചതിയുമില്ല

എള്ളോളമില്ല പൊളിവചനം

കള്ളപ്പറയും മറ്റൊന്നുമില്ല



# നാടൻ പാട്ടുകൾ

നാടൻ പാട്ടുകളെല്ലാം അജ്ഞാതകർതൃതങ്ങളാണ്. ഇവ രചിച്ചവർ പണ്ഡിതന്മാരല്ല. തങ്ങൾക്കു പറയേണ്ട കാര്യങ്ങൾ വികാരതരളിതമായ ഭാഷയിൽ അവർ പറഞ്ഞുവെച്ചു. ആ ഗാനങ്ങൾ മറ്റുള്ളവർ കേട്ടു. അവരത് ഓർമവെച്ച് അടുത്ത തലമുറയ്ക്ക് പകർന്നു കൊടുത്തു. സാധരണ ജനങ്ങളുടെ ഹൃദയസ്പന്ദനങ്ങൾ ഉൾക്കൊള്ളുന്ന ഈ നാടൻ പാട്ടുകളെല്ലാം തന്നെ തലമുറകളിൽനിന്നും തലമുറകളിലേക്ക് കൈമാറി വന്നവയാണ്.

നാടിന്റെയും, നാട്ടുകാരുടേയും ഹൃദയസ്പന്ദനങ്ങളായ- കാലങ്ങൾക്കൊണ്ട് മായ്ക്കാൻ കഴിയാത്ത പാട്ടുകൾ നാം കാലയവനികയ്ക്കുള്ളിൽ മറഞ്ഞുപോകാതെ സൂക്ഷിക്കണം.

# ഓട്ടൻ തുള്ളൽ

ഓട്ടൻ തുള്ളലിൽ ഇടക്കിടയ്ക്ക് സംസ്കൃതശ്ലോകങ്ങളുണ്ടാകും അതിന്റെ അർതത്ഥം മലയാളത്തിൽ വിവരിക്കുകയും ചെയ്യും. 'കണിയാൻ' എന്ന ഒരു വിഭാഗക്കാർ കേരളത്തിലുണ്ട്. കണിയാന്മാർക്ക് 'കോലം തുള്ളൽ' എന്ന ഒരു കലാപ്രകടനമുണ്ട്. ഈ കോലം തുള്ളലാണ് ഓട്ടം തുള്ളലിന് വഴിയൊരുക്കിയത്. പറയൻ തുള്ളലിനെയും ശീതങ്കൻ തുള്ളലിനെയും അപേക്ഷിച്ച് ഇന്ന് ഓട്ടൻ തുള്ളലിനാണ് പ്രചാരം കുടുതലായുള്ളത്.

പറയൻ-ശീതങ്കൻ തുള്ളലിനാണ് പ്രചാരം കുടുതൽ. ശീതങ്കൻ തുള്ളലുകളേക്കാൾ ഓട്ടൻ തുള്ളലിന്റെ വേഷത്തിനും അവരണത്തിനും കൂടുതൽ ഭംഗി.



# കേരളീയ കലകൾ

## കഥകളി



അഭിനയം ,വാദ്യം, സാഹിത്യം ,ചിത്രകല തുടങ്ങിയ മിക്ക അടിസ്ഥാന കലകളും കഥകളിയിൽ ഒത്തുചേർന്നിട്ടുണ്ട്. അഭിനയത്തിന്റെ നാലംശങ്ങളിലും (ആംഗീകാരം,വാചികം , സാത്വികം,ആഹാര്യം) സാമ്പ്രദായീകരണം ( അതിന്റെ പരിപൂർണ്ണതയിലെത്തിച്ചേർന്ന കലയാണ് കഥകളി.

പച്ച,കത്തി,താടി,കരിഎന്നിങ്ങനെ നാല് വേഷങ്ങളാണ് കഥകളിക്കുള്ളത്.പച്ച രാജാക്കന്മാരെയും,കത്തി ദൈത്യന്മാരെയും,കരി താപസാദികളെയും സൂചുപ്പിക്കുന്നു.

ഭാരതത്തിലെ നാല് പ്രധാനപ്പെട്ട ക്ലാസിക് നൃത്തങ്ങളിൽ ഒന്നായി വിശേഷിപ്പിക്കപ്പെടുന്ന കേരളീയ ദൃശ്യകലകുടിയാണ് കഥകളി.ആട്ടം,പാട്ട്,ശൃംഗാരം,വീരം,രൗദ്രം കരുണം എന്നീ രസങ്ങളാണ് യഥാക്രമം ഈ നാല് വേഷങ്ങൾക്കും പ്രധാനമായി അഭിനയിക്കാനുള്ളത്.കേളി,ശുദ്ധമദ്ദളം,തോടയം, വന്ദനശ്ലോകം,പുറപ്പാട്,മേളപ്പദം,അഭിനയം,എന്നിങ്ങനെ പല പ്രധാന ചടങ്ങുകളായി കഥകളി വിഭജിച്ചിരിക്കുന്നു.ചെണ്ട,മദ്ദളം,ചേങ്ങല,കൈമണി തുടങ്ങിയ വാദ്യങ്ങൾ എല്ലാ രംഗങ്ങൾക്കും ഉപയോഗിക്കുന്നുകോട്ടയം തമ്പുരാൻ,കാർത്തികത്തിരുനാൾ രാജ വർമ്മ രാജ,ഉണ്ണായിവാര്യർ,അശ്വതി തിരുനാൾ,ഇരയിമ്മൻ തമ്പി,വീര കേരള വർമ്മ തുടങ്ങിയവർ കഥകളി കൃതികൾ രചിച്ചിട്ടുണ്ട്.മഹാ കവി വള്ളത്തോൾ നാരായണ മേനോൻ ചെറുതുരുത്തിയിൽ ആരംഭിച്ച കേരള കലാ മണ്ഡലം കഥകളിയെ ആഗോളതലത്തിൽ ശ്രദ്ധേയമാക്കുന്നതിൽ പങ്കുവഹിച്ച് വരുന്നു.

# ചരിത്ര ക്വിസ്

- കേരളത്തിലെ ഏറ്റവും നീളം കുറഞ്ഞ നദി?

  മഞ്ചേശ്വരം പുഴ

- തെക്കൻ കേരളത്തിലെ ഏറ്റവും പഴക്കമുള്ള രാജവംശം?

  ആയ് വംശം

- ആയ് വംശ രാജാക്കന്മാരുടെ തലസ്ഥാനം?

  പൊതിയം മല

- കണ്ണൂരിൽ പോർച്ചുഗീസുകാർ നിർമ്മിച്ച കോട്ട?

  സെന്റ് ആഞ്ചലോ

- കേരളത്തിലെ ആദ്യത്തെ റെയിൽപാത?

  ബേപ്പൂർ-തിരൂർ (1861 മാർച്ച് 12)

- കേരളത്തിലെ ആദ്യത്തെ ഇംഗ്ലിഷുകാരൻ?

  റാൽഫ് ഹിച്ച്

- കൊച്ചിയിൽ ഫ്യൂഡൽ ഭരണം അവസാനിപ്പിച്ചത്?

  ശക്തൻ തമ്പുരാൻ

- 'ഡൽഹി ഗാന്ധി' എന്ന പേരിലറിയപ്പെടുന്നത്?

  സി ക്രിഷ്ണൻ നായർ

# യാഥാർത്ഥ്യങ്ങൾക്കപ്പുറം

"എന്തൊരു മഴയാ എന്റീശ്വരാ....അകത്തൊകെ വെള്ളം കയറുമെന്ന തോന്നണേ"ആരോടെന്നില്ലാതെ കനത്ത കൂരിരുട്ടിൽ തുള്ളിക്കൊരു കുടം പോലെ തിമിർത്തു പെയ്യുന്ന മഴയിലേക്ക് നോക്കി ശാന്തമ്മ പിറുപിറുത്തു .അകത്തു നിന്ന് കുഞ്ഞുണർന്ന് കരയുന്നുണ്ടായിരുന്നു. “കരയാതെ ശിവക്കുട്ട്യേ....ദാ അമ്മ വരണു.”മുൻ വാതിലടച്ച് കുറ്റിയിട്ട് ശാന്തമ്മ മുറിയിലേക്ക് പോയി.ശിവൻകുട്ടി വിശന്നിട്ടെന്നോണം കരയുകയാണ്.അവൾ അവനെ എടുത്ത് മറോട് ചേർത്തു.രണ്ടു രണ്ടര വർഷം മുമ്പ് അവളിൽ പുറവപ്പൊട്ടിയ ആ അമൃത് അവനിലേക്ക് അവൾ പകർന്ന് നൽകി.താരാട്ടുപ്പാട്ട് കേട്ടിട്ടാവണം അവൻ പെട്ടെന്ന് തന്നെ ഉറങ്ങിയത്.വളരെ സൂക്ഷമതയോടെ അവനെ കിടത്തി ശാന്തമ്മ എഴുന്നേറ്റു.സമയം പതിനൊന്നുമണിയോട് അടുത്തിരുന്നു.മഴയാണെങ്കിൽ ഒട്ടും ശമിക്കാതെ തകർത്തങ്ങനെ പെയ്യുകയാണ്.മടിയിൽ ശിവൻകുട്ടി കാട്ടിയ കുസൃതിയിൽ നനഞ്ഞ വസ്ത്രം മാറ്റാൻ അവൾ അലമാരക്കടുത്തേക്ക് നടന്നു.അലമാര തുറന്നതും അവളുടെ കൺമുമ്പിൽ ആദ്യം കണ്ടത് ആ കുഞ്ഞുപ്പെട്ടിയായിരുന്നു.അവളതെടുത്തു.ഒരു നിമിഷം ഉറ്റുനോക്കിയതേയുള്ളു.അവളുടെ മിഴികൾ നിറഞ്ഞു.കൈകൾ വിറക്കാൽ തുടങ്ങി.തൊണ്ടയിൽ തരംരോദനം കുടുങ്ങികിടക്കുന്നു.മിഴിനീർ കവിൾതായത്തിലൂടെ ഒലിച്ചിറങ്ങി.അവൾ യാന്ത്രികമായി കട്ടിലിലേക്കമർന്നു.കണ്ണുനീരിനെ നിയന്ത്രിച്ച് നിർത്താൻ അവൾ പാടുപെടുന്നുണ്ടായിരുന്നു.വിറക്കുന്ന കൈകൾ കൊണ്ട് അവൾ

ആ പെട്ടി തുറന്നു.വർഷങ്ങൾക്കു പിറകേക്ക് നിമിഷം കൊണ്ട് അവൾ ഓടിപോയി. "ശാന്തമ്മേ വേഗം ഒരുങ്ങി വാ കുട്ട്യേ ദേ അവർ വന്നിരിക്ക്ണു അടുക്കള വാതിലിലേക്ക് നോക്കി അമ്മ വിളിച്ച് പറഞ്ഞു.നീല കരയുള്ള വെള്ളുത്ത തുണിയും ബ്ലൗസ്സും ഒരുമുണ്ടുമുടുത്ത് കൈയിൽ  രണ്ട് ഗ്ലാസ്സ് ചായയും കൊണ്ട് ശാന്തമ്മ മെല്ലെ നടന്നു വന്നു. നാണത്താൽ കുണിഞ്ഞിരുന്നു.ചായ കൊടുത്ത് അവൾ ഓടി.

ശാന്തമ്മ മുറിയിലേക്ക് നടന്നു. കുറച്ചു കഴിഞ്ഞതും മുറിയിൽ ഒരു കാൽ പെരുമാറ്റം കേട്ട് അവൾ തിരിഞ്ഞ് നോക്കി. നീണ്ട് മെലിഞ്ഞ ഒരു ചെറുപ്പക്കാരൻ അവളോട് ചിരിക്കുന്നുണ്ടായിരുന്നു അവൾ ആകെ നാണം കൊണ്ട് ചുവന്നു. "പേരെന്താ?" അവൻ ആരാഞ്ഞു. "ശാന്തമ്മ"-വിറക്കുന്ന ശബ്ദത്തോടെയും നരഞ്ഞു പൊന്തുന്ന നാണത്തോടെയും അവൾ മറുപടി നൽകി.

ഞാൻ ശങ്കരൻക്കുട്ടി .....ഇവിടെ ഒരു ലോറിയിൽ ക്ലിനറായി ജോലിചെയ്യുവാ... ശാന്തമ്മയെ എനിക്ക്  ഇഷ്ടമായി. ശാന്തമ്മക്ക് എന്നെ ഇഷ്ടമായോ എന്ന് പറഞ്ഞ് അവൻ നിർത്തി.അവളൊന്ന് മൂളി.

ഒരു മാസത്തിനുള്ളിൽ ഇരുവരുടേയും വിവാഹം നടന്നു.അമ്പലത്തിൽവെച്ച് ദൈവങ്ങൾ സാക്ഷിയായി അവൻ അവളുടെ കഴുത്തിൽ താലി ചാർത്തി.അവർ സന്തോഷത്തോടെ കാമുകി കാമുകനെ പോലെ ജീവിച്ചു.അവരുടെ ഇടയിൽ ആകെ വിഷമമായ ഒന്നേ ഉണ്ടാർന്നുള്ളു.

# മലയാള സിനിമയുടെ പിതാവ്

ഏറെ വെല്ലുവിളികൾ ഏറ്റെടുത്ത് മലയാളത്തിന് ആദ്യ സിനിമ സമ്മാനിച്ച ജെ.സി ഡാനിയേലിനെ മലയാള സിനിമയുടെ പിതാവിനെ വിശേഷിപ്പിക്കുന്നു.1928 ലാണ് തിരക്കഥയും നിർമ്മാണവും സംവിധാനവും നിർവ്വഹിച്ച് 'വിഗതകുമാരൻ എന്ന സിനിമ ഇറക്കിയത്.ഈ സിനിമയിലെ നായക വേഷത്തിലൂടെ ആദ്യാ നായക സ്ഥാനവും ഇദ്ധേഹത്തിനു സ്വന്തം ചന്ദ്രകുമാർ എന്നായിരുന്നു സിനിമയിൽ നായകന്റെ പേര് അച്ഛനമ്മമാർക്കും ചന്ദ്രകുമാറിനെ ബാല്യത്തിൽ നഷ്ടപ്പെടുത്തുന്നതാണ് കഥ എന്നതിനാലാണ് ഈ സിനിമയ്ക്ക് 'വിഗതകുമാരൻ' എന്നു പേരിട്ടത്. ഈ സിനിമയിൽ നായകയെ കിട്ടാനും ഡാനിയൽ ബുദ്ധിമുട്ടി.പരസ്യം ചെയ്തിട്ടു പോലും ആളെ കിട്ടിയില്ല. അക്കാലത്ത് സിനിമാഭിനയം വളരെ മോശപ്പെട്ടതാണെന്നാണ് ധരിക്കപ്പെട്ടിരുന്നത്.അവസാനം പി.കെ റോസിയെ നായികയാക്കി.

# DIGITAL PAINTING



# DIGITAL PAINTING



# DIGITAL PAINTING



# ശുഭം